ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇതിനായി ഭൂജലവകുപ്പ് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കേന്ദ്ര ഭൂജല വകുപ്പിന്റെ ധനസഹായത്തോടെ സബ്സർഫസ് ഡൈക്കുകൾ, ചെക്ക്ഡാമുകൾ എന്നിവയുടെ നിർമ്മാണങ്ങൾ ഭൂജലവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

(ഇ) 300 രൂപ ഫീസ് ഈടാക്കിക്കൊണ്ട് ഭൂജലലഭ്യത കണ്ടെത്തി കൊടുക്കുവാനുള്ള പദ്ധതി ഭൂജലവകുപ്പു നടപ്പിൽവരുത്തിയിട്ടുണ്ട്. ചെറുകിട/ ഇടത്തരം കർഷകർക്ക് ഭൂജലസർവ്വെ സൗജന്യമായാണ് നടത്തിക്കൊടുക്കുന്നത്.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പട്ടികജാതിക്ഷേമ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം

10 (*337) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ ;

(ബി) ഇതിനായി രൂപീകരിക്കപ്പെട്ട സംസ്ഥാന/ജില്ലാ/മേഖലാ ഉപസമിതികളുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടോ ;

(സി) സംസ്ഥാന/ജില്ലാ സമിതികളുടെ യോഗം ഏറ്റവും ഒടുവിൽ ചേർന്നതെപ്പോഴാണെന്ന് വിശദമാക്കുമോ ;

(ഡി) അവലോകന യോഗങ്ങളുടെ തീരുമാനങ്ങളും ശുപാർശകളും നടപ്പിലാക്കുന്നുണ്ടോ ;

(ഇ) ഈ സമിതികളുടെ യോഗം വർഷത്തിൽ എത്ര തവണ കൂടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വിശദവിവരം വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) നിലവിലുള്ള സംവിധാനങ്ങൾക്ക് പോരായ്മകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി സംസ്ഥാന, മേഖല തലത്തിൽ സമിതികളൊന്നും തന്നെയില്ല. എന്നാൽ മന്ത്രിതലത്തിലും ഉന്നത ഉദ്യോഗസ്ഥ തലത്തിലും യഥാസമയം ക്ഷേമ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാന തലത്തിൽ പട്ടികജാതി ഉപദേശക സമിതിയ്ക്കും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള കമ്മിറ്റിയും യഥാസമയം കൂടുന്നുണ്ട്.

(സി) സംസ്ഥാന ഉപദേശക സമിതിയോഗം ഏറ്റവും ഒടുവിൽ കൂടിയത് 2-12-2002-ൽ ആണ്. മന്ത്രിതലത്തിലും ഉന്നത ഉദ്യോഗസ്ഥ തലത്തിലും കൂടെക്കൂടെ യോഗം ചേർന്ന് അവലോകനം ചെയ്യുന്നു. ജില്ലാതല സമിതി യോഗം കൂടിയ തീയതി ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	14-2-2003
കൊല്ലം	-	7-3-2003
പത്തനംതിട്ട	-	27-3-2003
ആലപ്പുഴ	-	30-9-2002
കോട്ടയം	-	2-4-2003
ഇടുക്കി	-	21-3-2003
എറണാകുളം	-	13-5-2003
തൃശ്ശൂർ	-	29-1-2003
പാലക്കാട്	-	1-1-2003
മലപ്പുറം	-	25-3-2003
കോഴിക്കോട്	-	31-5-2003
വയനാട്	-	16-1-2003
കണ്ണൂർ	-	21-1-2003
കാസർഗോഡ്	-	15-3-2003

(ഡി) ഉണ്ട്.

(ഇ) സംസ്ഥാന ഉപദേശക സമിതിയോഗം മൂന്നു മാസത്തിലൊരിക്കൽ കൂടണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഭാരതപ്പുഴയിൽ കുടിവെള്ള വിതരണത്തിനായി കുഴിച്ച കിണറുകൾ

11 (*338) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള വിതരണത്തിനായി ഭാരതപ്പുഴയിൽ എത്ര കിണറുകൾ കുഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly